**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3154** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ സിലബസിൽ കാലാനുസൃതമായ മാറ്റങ്ങൾക്കുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ സിലബസിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ സിലബസിൽ കാലാനുസൃതമാറ്റം വരുത്തുന്നതിനുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കുള്ള പാഠ്യപദ്ധതി കോർ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരള സൃഷ്ടിക്കുതകുന്ന വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണം ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ കാലിക പ്രസക്തമായ ലിംഗനീതി, സ്ത്രീ സുരക്ഷ, നിയമവിദ്യാഭ്യാസം, കുട്ടികളുടെ അവകാശങ്ങൾ, റോഡ് സുരക്ഷ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാവ്യതിയാനം, ഊർജ്ജ സംരക്ഷണം തുടങ്ങി ഒട്ടേറെ മേഖലകൾ പരിഗണിച്ചായിരിക്കും ◌ാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. |
| (ബി) | പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം കൂടി സ്കൂൾ സിലബസിൽ ഉൾപ്പെടുത്തുമോ എന്ന് വിശദമാക്കാമോ; | (ബി) | ആർജ്ജിക്കുന്ന അറിവും അതിന്റെ ഫലപ്രദമായ പ്രയോഗവും ഒരേ പോലെ പ്രധാനമാണ്. അറിവും നൈപുണ്യവും സ്വായത്തമാക്കുന്നതിനുള്ള പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഓരോ വിഷയ മേഖലയെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രായോഗിക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കൂടാതെ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം കൂടി ഉൾച്ചേർത്തുക്കൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണമാണ് ലക്ഷ്യം വയ്ക്കുന്നത്. |
| (സി) | ഈ വർഷം പൊതു വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ; | (സി) | 2022-23 അധ്യയനവർഷം പൊതുവിദ്യാലയങ്ങളിൽ 2 മുതൽ 10 വരെ ക്ലാസ്സുകളിലായി സർക്കാർ മേഖലയിൽ 44915 ഉം, സർക്കാർ എയ്ഡഡ് മേഖലയിൽ 75055 ഉൾപ്പെടെ ആകെ 119970 വിദ്യാർത്ഥികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |
| (ഡി) | സ്കൂൾ വിദ്യാർത്ഥികളുടെ കായികശേഷി | (ഡി) | സ്കൂൾകുട്ടികളുടെ കായികശേഷി |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്നതിനും കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | വർദ്ധിപ്പിക്കുന്നതിനും കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ആരോഗ്യകായിക വിദ്യാഭ്യാസ പാഠ്യപദ്ധതി നിലവിലുണ്ട്. ഇതുകൂടാതെ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്ര ആരോഗ്യ കായിക പരിപോഷണത്തിനായി എസ്.സി.ഇ.ആർ.ടി വികസിപ്പിച്ച 'ഹെൽത്തികിഡ്സ്' എന്ന പദ്ധതി കായിക യുവജന കാര്യാലയത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ കായിക വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ കായിക ഇനങ്ങളുമായി ബന്ധപ്പെട്ട് അടിസ്ഥാന ധാരണകൾ ലഭിക്കുന്നതിനുവേണ്ടി പ്രത്യേക പ്രതിഭാപരിപോഷണ പരിപാടികളും നടന്നു വരുന്നുണ്ട്. |
| (ഇ) | പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ വർദ്ധനവിനെ തുടർന്നുണ്ടായ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ഇ) | തസ്തിക നിർണ്ണയ പ്രകാരം അനുവദിക്കപ്പെടുന്ന അധിക തസ്തികകളിൽ ചട്ടപ്രകാരം നിയമനം നടത്താവുന്നതാണ്. അധിക തസ്തിക അനുവദിച്ച് ഉത്തരവാകുന്നതു വരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനും ഉത്തരവ് നൽകിയിട്ടുണ്ട്. |
| (എഫ്) | സ്കൂൾ അക്കാദമിക് വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ അദ്ധ്യാപകരുടെ പ്രമോഷൻ, സ്ഥലം മാറ്റം എന്നിവ നടത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (എഫ്) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനകയറ്റവും പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള അദ്ധ്യാപകരുടെയും പ്രൈമറി അദ്ധ്യാപകരുടെയും ജില്ലാതല സ്ഥലമാറ്റങ്ങളും ഇതിനോടകം നടത്തിയിട്ടുണ്ട്. ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരുടെ ലഭ്യമായ ഒഴിവുകളിലെല്ലാം നിയമനവും നടത്തിയിട്ടുണ്ട്. |
| (ജി) | ഈ വർഷം ഏറ്റവുമധികം വിദ്യാർത്ഥികൾ പുതിയതായി എത്തിയ സർക്കാർ വിദ്യാലയം ഏതെന്ന് വിശദമാക്കാമോ? | (ജി) | ഈ അദ്ധ്യയന വർഷം സർക്കാർ വിദ്യാലയങ്ങളിൽ പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കുന്നതിന്, ഇത്തരത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ തലത്തിൽ വിടുതൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ പരിശോധിച്ച മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇത്തരത്തിൽ സ്കൂൾ തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ